(സി) താൽക്കാലിക അംഗീകാരമാണ് എൻ.സി.ടി.ഇ. ഇപ്പോൾ നൽകി വരുന്നത്. പുതിയ തസ്തികകൾ നിർബന്ധമാക്കുന്നതു സംബന്ധിച്ച് എൻ.സി.ടി.ഇ.യുടെ അന്തിമ തീരുമാനം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടില്ല.

മലയാളം അദ്ധ്യാപകരുടെ തസ്തിക

97 (644) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ സർക്കാർ ഹൈസ്കൂളുകളിൽ എത്ര മലയാളം അദ്ധ്യാപകരുടെ തസ്തിക ഒഴിഞ്ഞു കിടപ്പുണ്ടെന്നു വ്യക്തമാക്കാമോ ;

(ബി) ഹൈസ്കൂൾ മലയാളം അദ്ധ്യാപക നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നാണ് ; ഇതിൽ നിന്നും എത്രപേർക്ക് നിയമനം നൽകി ;

(സി) പ്ലസ് ടു അദ്ധ്യാപക നിയമനം മൂലവും അല്ലാതെയും ഹൈസ്കൂളുകളിൽ ഉണ്ടായിട്ടുള്ള മലയാളം അദ്ധ്യാപകരുടെ ഒഴിവുകൾ പി.എസ്.സി. ലിസ്റ്റിൽ നിന്നും നികത്തുന്നതിന് അടയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 15 (പതിനഞ്ച്) എണ്ണം

(ബി) എച്ച്.എസ്.എ (മലയാളം) അദ്ധ്യാപകരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് 10-11-2000-ൽ നിലവിൽ വന്നു. ഈ ലിസ്റ്റിൽ നിന്ന് നാളിതുവരെ 69 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) ഹൈസ്കൂൾ അദ്ധ്യാപകരെ ഹയർ സെക്കന്ററി അദ്ധ്യാപകരായി നിയമിക്കുമ്പോഴുണ്ടാകുന്ന ഒഴിവുകളിലേക്ക് നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുവാൻ നടപടി

98 (645) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ അഴിക്കോട് യു.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് 9-6-2000-ലും പനവൂർ എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് 12-6-2000-ലും സർക്കാരിന് സമർപ്പിച്ച നിവേദത്തിനു മേൽ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ അക്കാദമിക് വർഷത്തിൽ തന്നെ ഈ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനു സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly